## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1421 — 06/03/2018-ൽ മറുപടിക്ക്

### വിവിധ വകുപ്പുകളിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ളവരെ പരിഗണിക്കാനുള്ള തീരുമാനം

| ചോദ്യം | മറുപടി |
| --- | --- |
| (ശ്രീ. എ.എൻ. ഷംസീർ) | ഡോ.കെ.റ്റി.ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |
| (എ) ഈ നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ ചോദ്യം 1445 ന് 11.08.2017 ന് നല്കിയ മറുപടിയിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിങ്ങ് വിഭാഗത്തിന് ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കാനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട് എന്നറിയിച്ചിരുന്നു;അതോടൊപ്പം 1720 ക്ലറിക്കൽ തസ്തികകളും സൃഷ്ടിക്കാനുള്ള പ്രപ്പോസൽ തയ്യാറായി വരുന്നതായും അറിയിച്ചിരുന്നു; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജോലി ഭാരം കൊണ്ട് വീർപ്പുമുട്ടുന്ന സാഹചര്യത്തിൽ പ്രസ്തുത നിർദ്ദേശത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; വിശദമാക്കാമോ; | (എ) പൊതുമരാമത്ത് വകുപ്പിലെ 'സ്റ്റാഫ് പാറ്റേൺ' അനുസരിച്ച് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ, മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരഗ്രാമാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നീ സർവ്വീസുകളെ ഏകോപിപ്പിച്ച് പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് ഗവൺമെന്റ് ഉത്തരവാകുകയും പൊതുസർവ്വീസ് രൂപീകരണവുമായി മുന്നോട്ട് പോകുകയും ചെയ്യുന്ന അവസരത്തിൽ പൊതുസർവ്വീസ് രൂപീകരണത്തിന് ശേഷം എഞ്ചിനീയറിംഗ് വിഭാഗത്തിൽ മിനിസ്റ്റീരിയൽ തസ്തിക സൃഷ്ടിക്കുന്ന കാര്യം ആവശ്യമുള്ള പക്ഷം പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) 31.03.2018 ന് കാലാവധിയവസാനിക്കുന്ന വിവിധ വകുപ്പുകളിലെ എൽ.ഡി.സി റാങ്ക് ലിസ്റ്റിൽ നിന്നുള്ളവരെ ഇതിലേക്ക് പരിഗണിക്കാനുള്ള ഉചിതമായ തീരുമാനം ഉണ്ടാകുമോ; വ്യക്താമാക്കാമോ? | (ബി) തസ്തിക നിലവിൽ സൃഷ്ടിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ